# GREGORIAN VOICE




**Monthly newsletter of St.Gregorios Jacobite Syrian Orthodox Church, Dublin**

(For private circulation only)

**May 2015**

# Hearty Condolence



Mrs. Shoshamma Alias

M/o Mr. Sabu K Alias



Mrs. Thankamma Chacko

M/o Biju Chacko



Mrs. Mary Uthup

M/o Biju Mullankuzhithadathil

**We express our heartfelt condolences on the sad demise of Mrs. Shoshamma Alias, Mrs. Thankamma Chacko and Mrs. Mary Uthup.**

# Vicar’s Desk : Rev Fr. Jobbymon Skaria

ഭൂമിയിലെ അത്ഭുതങ്ങളിലൊന്നാണ് മഴവില്ല്. ശാസ്ത്രീയമായി ചിന്തിക്കുമ്പോൾ, അന്തരീക്ഷത്തിലെ ജലകണികകളിൽ പതിക്കുന്ന പ്രകാശം ഘടക വർണ്ണങ്ങളായി പിരിയുന്നത് മൂലം കാണാൻ കഴിയുന്ന ഒരു പ്രതിഭാസമാണ് മഴവില്ല്. എന്നാൽ, ഈ ശാസ്ത്രീയ അപഗ്രഥനത്തിനപ്പുറം, ഓരോ മഴവില്ലും നമ്മിൽ ഉണർത്തുന്നത് വിവിധങ്ങളായ ചിന്തകളാണ്. ഓരോ ചിന്തകളും ഉണർത്തുന്നത് ഒരായിരം തുടർ ചിന്തകളുമാണ്. താമരശ്ശേരി അൽഫോൺസ സീനിയർ സെക്കൻഡറി സ്കൂൾ നാലാം ക്ലാസ് വിദ്യാർത്ഥിനിയായ അനാമിക മഴവില്ലിനേക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്:

മഴവില്ല് വന്നു മാനത്ത്
മുകിലിന് ചായക്കറിപോലെ
മഴവില്ല് ചൊല്ലി എന്നോട്
ഏഴു നിറങ്ങളുമൊന്നാണ്'

ഏഴു നിറങ്ങളും ഒരു മുത്തുമാലയിലെന്നവണ്ണം തമ്പുരാൻ കോർത്തിരിക്കുന്ന മഴവില്ല്, വിശുദ്ധ വേദപുസ്തകത്തിൽ (ഉത്പത്തി 6-9 അധ്യായങ്ങൾ) ജലപ്രളയത്തിന് ശേഷം ദൈവം നോഹയോടും അവന്റെ പുത്രന്മാരോടും പക്ഷികളും കന്നുകാലികളും കാട്ടുമൃഗങ്ങളുമായ സകലജീവജന്തുക്കളോടും പെട്ടകത്തിൽനിന്നു പുറപ്പെട്ട സകലവുമായി ഭൂമിയിലെ സകലമൃഗങ്ങളോടുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ അടയാളമാണ്. പ്രളയത്തിന്റെ ദുരന്ത ഫലങ്ങൾ പേറുന്നവരോട്, പ്രളയത്തിന്റെ നാഥൻ, ഇനിയൊരു പ്രളയമുണ്ടാകില്ലെന്ന് നല്കുന്ന വാഗ്ദാനമാണ് മഴവില്ല്. ദുരന്തത്തിന്റെ മുറിവുകളും വടുക്കളും പേറുന്നവരോടുള്ള സാന്ത്വന വചനമാണ് നിശബ്ദമായി സംസാരിക്കുന്ന മഴവില്ലുകൾ. മുറിവുകൾ താലോലിച്ച് ജീവിതം അവസാനിപ്പിക്കുന്നവരോട്, മുറിവുകൾക്കപ്പുറത്തൊരു ദൈവമുണ്ടെന്ന ഓർമ്മപ്പെടുത്തലാണ് മാനത്ത് വിരിയുന്ന മഴവില്ലുകൾ.

എന്നാൽ, മഴവില്ലിന്റെ സന്ദേശം അനുഭവിച്ചറിയാനാവാതെ, സഞ്ചരിക്കുന്ന അഗ്നി പർവ്വതങ്ങളായി ഉരുകിത്തീരുന്ന എത്രയോ ജന്മങ്ങളുണ്ടാകും ഈ ഭൂമിയിൽ. നടന്ന് പോയ വഴിത്താരകളിലെ പ്രളയത്തിന്റെ ദുർഭ്രതങ്ങളെ മറക്കുവാനാകാതെ, മഴവില്ല് തേടിയലയുന്ന എത്രയോ കോടി ജനങ്ങളുണ്ടാകും ഈ ലോകത്തിൽ?

ഭൂകമ്പത്തിൽ എല്ലാം നഷ്ടപ്പെട്ട നേപ്പാൾ നിവാസികൾ, ആഭ്യന്തര കലാപത്തിൽ ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട സിറിയയിലും, ഇറാഖിലും, ലോകത്തിന്റെ വിവിധ കോണുകളിലുമുള്ളവർ തൊട്ട് വളർത്തി വലുതാക്കിയ മക്കളുടെ സാന്ത്വന ശബ്ദം കേൾക്കുവാൻ കൊതിക്കുന്ന, വൃദ്ധ സദനങ്ങളിൽ അന്തിയുറങ്ങേണ്ടി വരുന്ന മാതാപിതാക്കളും, പിറന്ന് വീണ നിമിഷം മുതൽ അനാഥരെന്ന് മുദ്ര കുത്തപ്പെടുന്ന പിഞ്ച് കുഞ്ഞുങ്ങളും മഴവില്ല് തേടുന്ന അഭയാർത്ഥികളല്ലെ? ഇവരുടേ ജീവിതത്തിൽ എന്നാണ് ഒരു മഴവില്ല് ഉദിക്കുക?

മായ ആഞ്ചലൂ (1928-2014) എന്ന അമേരിക്കൻ സാഹിത്യകാരി ഒരിക്കൽ പറഞ്ഞു: **“Try to be a rainbow in someone's cloud.”** അധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും നെഞ്ചോട് ചേർത്ത് നിർത്തുവാൻ കൊതിച്ച അരുമ നാഥന്റെ വിളിയും ( മത്തായി 11: 28), മഴക്കാറ് നിറഞ്ഞ മാനത്ത് മഴവില്ലാകുവാനുള്ള സന്നദ്ധതയാണ്. ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു അടിയൻ ഇതാ അടിയനെ അയക്കേണമേ (യെശയ്യാവ് 6:8) എന്ന് പ്രതിവചിക്കുന്ന യെശയ്യാവിനെ പോലെ, ഇതൊരു വ്യക്തി പരമായ വിളിയാണ്.

ആരാണ് യഥാർത്ഥ മഴവില്ല്? എന്താണ് നമ്മുടെ ദൗത്യം? കാറ്റും കോളും നിറഞ്ഞ വഴികളിലൂടെ യാത്ര ചെയ്യുന്നവർക്ക് മഴവില്ലിന്റെ അനുഭവം പകർന്ന് കൊടുക്കുവാൻ എങ്ങനെ കഴിയും?

(തുടരും )

# സംഘർഷവും സമാധാനവും.

**ഫാ. തോമസ് പുതിയാമഠത്തിൽ**

സുഖസൗകര്യങ്ങളുടെ മധ്യത്തിലും സ്വസ്തമായി ഉറങ്ങുവാൻ കഴിയാത്ത അനേകരെ നമുക്കു ചുറ്റും കാണുവാൻ കഴിയും. പലവിധമായ പ്രശ്നങ്ങൾ കൊണ്ട് മനസ്സിന്റെ സ്വസ്ഥത നഷ്ടപ്പെട്ട അവസ്ഥയിലാണ് അനേകർ. മനുഷ്യന്റെ സ്വസ്ഥത നഷ്ടപ്പെടുന്നതിലേക്ക് നയിക്കുന്ന കാരണങ്ങൾ പലതാണ്. അനേകം പടയാളികളും സമ്പത്തും വിസ്തൃതമായ രജ്യവുമുള്ള ഒരു രാജാവിന് സമാധാനമെന്നത് മരീചികയായിരുന്നു. ഒരു രാത്രിപോലും ശാന്തമായി ഉറങ്ങുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. എന്നാൽ ഒരിക്കൽ ദരിദ്രനായ ഒരു കർഷകന്റെ ഭവനം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ കർഷകന്റെ വീട്ടിൽ ദാരിദ്രത്തിന്റെ നടുവിലും സമാധാനവും സന്തോഷവും നിറഞ്ഞു നിന്നിരുന്നു. ദരിദ്രനായ കർഷകന്റെ ഭവനത്തിലെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും കാരണമറിയുവാനുള്ള ആകാംക്ഷ രാജാവിന്റെ മനസ്സിലുറച്ചു. അദ്ദേഹം തന്റെ ബുദ്ധിമാനായ മന്ത്രിയോട് കാര്യം തിരക്കി. ധനികനും രാജ്യത്തിന്റെ അധിപനുമായ തന്റെ കൊട്ടാരത്തിൽ അന്യ മായ സമാധാനവും ശാന്തിയും ദരിദ്രനായ കർഷകന്റെ ഭവനത്തിൽ അനുഭവിക്കുവാൻ സാധിക്കുന്നത് എങ്ങെനെയാണ്? . ധനികനായ തനിക്ക് ശാന്തമായി രാത്രിയിൽ ഉറങ്ങുവാൻ സാധിക്കുന്നില്ല, ദരിദ്രനായ കർഷകന് ശാന്തമായി ഉറങ്ങുവാൻ കഴിയുന്നു. ഇതിന്റെ കാരണമെന്താണ്? ഒരു ദിവസം മന്ത്രി രാജാവിന്റെ അനുവാദത്തോടെ ആരും കാണാതെ തൊണ്ണൂറ്റിഒൻപത് സ്വർണ്ണനാണയങ്ങൾ കിഴിയിലാക്കി ആരും കാണാതെ ദരിദ്രനായ കർഷകന്റെ വീട്ടുവാതിക്കൽ കൊണ്ടുപോയി വെച്ചു. കർഷകൻ വൈകിട്ട് പണികഴിഞ്ഞു വീട്ടിൽ മടങ്ങിവന്നപ്പോൾ വീട്ടുവാതുക്കൽ പണക്കിഴികണ്ട് ഞെട്ടി. സന്തോഷത്തോടെ അതു തുറന്ന് നോക്കി. ; കൃത്യമായി എണ്ണി - തൊണ്ണൂറ്റി ഒൻപത്, വീണ്ടും വീണ്ടും എണ്ണി തൊണ്ണൂറ്റി ഒൻപത് നാണയങ്ങൾ മാത്രം. ആ രാത്രി കർഷകന് ഉറങ്ങുവാൻ കഴിഞ്ഞില്ല. ആ മനുഷ്യന്റെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നത് തൊണ്ണൂറ്റി ഒൻപത് നൂറാക്കി തികക്കുന്നതിനുവേണ്ടിയുള്ള ചിന്തകളായിരുന്നു. പിന്നീടുള്ള രാത്രികളിലും കർഷകന് ശാന്തമ ായി ഉറങ്ങുവാൻ കഴിഞ്ഞില്ല ഒന്നു നേടിക്കഴിയുമ്പോൾ മറ്റൊന്നിനു വേണ്ടിയുള്ള അന്വേഷണമായി, രാത്രികൾ ഉറക്കമില്ലായ്മയുടേതായി.

രാജാവിന് തന്റെ ജീവിതത്തിലെ ഉറക്കമില്ലായ്മയുടെ കാരണം വ്യക്തമായി. നമ്മുടെ മനസ്സ് എവിടെയാണോ അവിടെയായിരിക്കും നമ്മുടെ ശരീരവും. മനസ്സുമായി ബന്ധപ്പെട്ട് ബാഹ്യവും ആന്തരീകവുമായി, ബോധപൂർവ്വവും അബോധപൂർവ്വവുമായി ഓരോ ചലനവും ചിന്തയും നിർവ്വഹിക്കപ്പെടുന്നത്. അത് ജീവിതത്തിലെ താളം തെറ്റലിനു കാരണമ ായി തീരും. നിർവ്വഹിക്കേണ്ടവ കൃത്യമായി സമയത്ത് പ്രവൃത്തിക്കാതിരിക്കുന്നതിന് ഇതുകാരണമായിത്തീരും.

സ്വഭാവിക ജീവിത പ്രക്രിയക്കു വിരുദ്ധമായി, അമിതമായി പലതും ആഗ്രഹിക്കുകയും, അതിനുവേണ്ടി അത്യധ്വാനം ചെയ്ത് ജീവിതക്രമത്തിൽ വിള്ളലുകൾ തീർത്ത് മനുഷ്യന്റെ ശരീരത്തിനും മനസ്സിനും കേട്ടുവരുത്തുന്ന മാനസിക സംഘർഷം പേറി നടക്കുന്ന അനേകർ ഇന്ന് സമൂഹത്തിന്റെ ഭാഗമാണ്. ഇത്തരം വ്യക്തിത്വങ്ങളെ ഉൾക്കൊള്ളുന്ന സ മൂഹത്തിലും സംഘർഷവും കലഹവും കലാപങ്ങളുമൊക്കെ നിത്യ സംഭവങ്ങളായി അരങ്ങേറും.

മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഇന്ന് സമൂഹത്തിൽ നില നില്ക്കുന്ന സംഘർഷങ്ങളുടെ അത്യന്തീകമായ കാരണക്കാർ അമിത ത്വരയുമായി നടക്കുന്ന വ്യക്തികളാണ്. . ഇപ്രകാരം അമിത ത്വരയുമായി നടക്കുന്ന വ്യക്തികൾ കടന്നു ചെല്ലുന്നിടത്തൊക്കെ സംഘർഷത്തിന്റെ കനലുകൾ എരിയുവാൻ കാരണമായിട്ടുണ്ട്.

മനുഷ്യന്റെ ശരീര മനസ്സുകൾക്കു കേട്ടുവരുന്ന സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളേയും പിരിമുറുക്കങ്ങളേയും അതിജീവിക്കുവാനും മനസ്സിന്റെ സമനില തെറ്റാതെ കാത്തു സൂക്ഷിക്കുവാനും എന്താണ് മാർഗ്ഗം? ഒന്നാമതായി ഓരോരുത്തർക്കുള്ള കഴിവുകൾക്കനുസരിച്ച് പരമാവധി അധ്വാനിക്കുക. രണ്ടാമതായി ഓരോരുത്തരുടെയും പരമാവധി കഴിവുകൾക് കനുസരിച്ച് ആർജ്ജിക്കാവുന്നതുനു മപ്പുറത്തേക്ക് ആഗ്രഹങ്ങളെ വളർത്താതിരിക്കുക. മൂന്നമതായി സത്യസന്ധമായും മര്യാദയായും ഇടപഴകുന്നതിലൂടെ മറ്റുള്ളവരിൽ നിന്ന് അംഗീകാരം നേടുക. നാലാമതായി ദൈവത്തിൽ പരിപൂർണ്ണമായി വിശ്വാസം അർപ്പിക്കുക.

ഈ നാല് കാര്യങ്ങളെ പാലിക്കുവാനായാൽ ശരീര മനസ്സുകളുടെ സ്വസ്ഥത ഉറപ്പാക്കാം. നമ്മുടെ പ്രവൃത്തികളുടെ അപര്യാപ്തതെയെ കുറിച്ചോ നമ്മുടെ അപ്രാപ്തിയെക്കുറിച്ചോ ഓർത്ത് പരവശ്യരായിത്തീരേണ്ടതില്ല. നമുക്ക് ചെയ്യുവാനുള്ള ഉത്തരവാദിത്വം പൂർണ്ണ ശക്തിയോടും പൂർണ്ണ ആത്മാവോടും കൂടി ചെയ്യുക. ബാക്കിയുള്ളത് ദ ൈവത്തിന് വിടുക. ദൈവം വേണ്ട വിധത്തിൽ പ്രവൃത്തിച്ചു കൊള്ളുമെന്ന് ഉറപ്പായി വിശ്വസിക്കുക.

(Thomas achan)






**Dhukrono of St. George was celebrated at our church.**

Dhukrono of St. George was celebrated at our church on May 10th 2015. The Holy mass was celebrated by Rev Fr Biju Mathai, assisted by Rev Fr Thomas Pythiyamadathil.

Morning prayer started at 10:00 AM and the Holy mass began at 10:30 AM followed by Blessings and Nercha.

####################################



## എം ജെ എസ്സ് എസ്സ് എ അയർലന്റെ റീജിയൻ ബാലകലോൽത്സവം പ്രൗഡഗംഭീരമായി നടത്തപ്പെട്ടു.

അയർലന്റിലെ യാക്കോബായ ഇടവക പള്ളികളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് എം ജെ എസ്സ് എസ്സ് എ അയർലന്റെ റീജിയൻ സംഘടിപ്പിച്ച പ്രഥമ ബാലകലോൽത്സവം കുട്ടികൾക്ക് ആവേശമായി. രാവിലെ 9:30 ന ഡയറക്ടർ ഫാ. തോമസ് പുതിയമഠം തിരി തെളിയിച്ച് കലോത്സവം ഉത്ഘാടനം ചെയ്തു.

വിവിധ കലാമേഖലകളിൽ കഴിവ് തെളിയിച്ച സഹോദര സഭകളിലെ വ്യക്തികളാണ് വിധികർത്താക്കളായി എത്തിയിരുന്നത്. അവരെ പൂച്ചണ്ടുകൾ നല്കി ആദരിച്ചു. തുടർന്ന് 29 ഇനങ്ങളിലായി 130 തോളം കുട്ടികൾ പങ്കെടുത്ത വാശിയേറിയ മത്സരങ്ങൾ ഓരോന്നും മികച്ച നിലവാരം പുലർത്തി. 4 വേദികളിലായി സീനിയർ ഇൻഫന്റ്, സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നി വിഭാഗങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൽ നേടിയ കുട്ടികൾക്ക് ഫാ. ബിജു മത്തായി പാറെക്കാട്ടിൽ സർട്ടിഫിക്കറ്റും ട്രോഫിയും നല്കി. കലോത്സവത്തിന്റെ ധനശേഖണാർത്ഥം നടത്തിയ കൂപ്പൺ പിരിവിന്റെ സമ്മാനങ്ങൾ ഫാ. ജോബിമോൻ സ്കറിയ വിതരണം ചെയ്തു. ഡയറക്ടർ ഫാ. തോമസ് പുതിയമഠം, സെക്രട്ടറി മി. ജൂബി ജോൺ തുമ്പയിൽ, ജോ. സെക്രട്ടറി മി. തമ്പി തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.





വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ രണ്ടാം സമ്മാനം കിട്ടിയ ഉപന്യാസം.

## പരി:കന്യക മറിയാമിലെ വിശുദ്ധിയും സ്ത്രീത്വവും:ഒരു അവലോകനം

*ഷിബി ജിനേഷ്*

ക്രൈസ്തവ വിശ്വാസത്തിൻെറ അടിസ്ഥാന പ്രമാണമാകുന്ന മനുഷ്യവംശത്തിൻെറ രക്ഷാകര പദ്ധതിയിൽ കന്യക മറിയാം എന്ന വ്യക്തിത്വത്തിൻെറ പ്രാധാന്യം എന്നും സജീവമായ ചർച്ചാ വിഷയമാണ്.അപ്പോസ്തൊലിക സഭകളും ഇതര ക്രൈസ്തവ കൂട്ടായ്മകളും ഭിന്നമായ വാദ ഗതികൾ ഉയർത്തി കന്യക മറിയമിൻെറ സ്ഥാനത്തെ വിവക്ഷിക്കുന്നു.കർത്താവിൻെറ മണവാട്ടിയായ പരിശുദ്ധ സുറിയാനി സഭ തൻെറ പൂണ്യ പിതാക്കന്മാരിലൂടെ ഒന്നാം നൂറ്റാണ്ട് മുതൽ കാത്ത് പരിപാലിക്കുന്ന വിശ്വാസ പാരമ്പര്യത്തിൻെറ വെളിച്ചത്തിൽ കന്യക മറിയാമിൻെറ വിശുദ്ധിയും അവളിലെ വിശിഷ്ട സ്ത്രീത്വവും ഹ്രസ്വമായി അവലോകനം ചെയ്യുവാൻ പരിശുദ്ധാത്മാവിൽ അഭയപ്പെട്ട് ഒരു എളിയ ശ്രമം നടത്തുന്നു.

**മറിയം എന്ന ബാലിക........ യെൽദാത്ത് ആലോഹൊ**

ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന ഒട്ടനവധി വ്യക്തികളെ നമുക്ക് ബൈബിളിൽ കാണാം.ഇവരിൽ പ്രവാചകരും രാജാക്കന്മാരും ഉൾപ്പെടും.എന്നാൽ വചനമായ ദൈവത്തിന് ശരീരം ധരിക്കുവാൻ ഒരു സ്ത്രീയെ തിരഞ്ഞെടുക്കുമ്പോൾ അതിന് ഭാഗ്യം സിദ്ധിക്കുക എന്നത് തന്നെ മറിയത്തിൻെറ ദൈവതിരുസന്നിധിയിലെ അംഗീകാരം സൂചിപ്പിക്കുന്നു.കാലത്തിൻെറ തികവിൽ പിതാവായ ദൈവം തൻെറ ഏകജാതൻെറ മാതാവാകുവാൻ മറിയത്തെ ക്ഷണിക്കുന്നു.അതെ വിക്കനായിരുന്ന മോശയെ തിരഞ്ഞ് പിടിച്ചതു പോലെ,ശമുവേൽ ബാലനെ പേർ ചൊല്ലി വിളിച്ചതു പോലെ,പ്രവചനങ്ങളുടെ പൂർത്തീകരണത്തിനായി നസ്രത്തിലെ ദാവിദിൻെറ ഗോത്രത്തിൽ പിറന്ന മറിയത്തിനെ ദൈവം വി ളിക്കുന്നു.മാനുഷീകമായ എല്ലാ ബലഹീനതകൾക്കും അപ്പുറം തന്നെ പ്രീതിപ്പെടുത്തുന്ന സവിശേഷതകൾ ഉള്ളവരെയാണ് ദൈവം തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് പഴയനിയമത്തിൽ നമുക്ക് കാണാം.അപ്പോൾ അതിപ്രധാനമായ രക്ഷാകര പദ്ധതിയിൽ ഭാഗബാക്കാകുവാൻ മറിയത്തിന് ദൈവ സന്നിധിയിൽ മുഖ പ്രസന്നത ഉണ്ടായിരുന്നു എന്ന് നമുക്ക് അനുമാനിക്കാം.എങ്കിലും കത്തോലിക്ക സഭ പഠിപ്പിക്കുന്ന പോലെ മറിയം അമലോത്ഭവ,അഥവ, ജന്മ പാപ വിമുക്തയാണെന്ന് അം ഗീകരിക്കുക പ്രയാസം. മറിയത്തിൻെറ ജീവിത പശ്ചാത്തലം പരിശോധിക്കുമ്പോൾ ദൈവഭക്തരായിരുന്ന യൊയാക്കിം-ഹന്ന ദമ്പതികൾക്ക് ലഭിച്ച പെൺകുഞ്ഞിനെ അവർ ബാല്യത്തിലേ ദേവാലയത്തിൽ സമർപ്പിച്ചു എന്ന് കാണാം.യെരുശലേം ദേവാലയത്തിലെ തൻെറ ജീവിതം വഴിയായി മറിയത്തിൽ ദൈവത്തോട് അന്തർലീനമായ ഭക്തി രൂപപ്പെട്ടു എന്ന് അനുമാനിക്കാം.വി.ഗ്രന്ഥ പാരായണത്തിലും പ്രാർത്ഥനയിലും കൃത്യനിഷ്ടത പുലർത്തി ദൈവ പ്രസാധ വരത്തിന് അവൾ തന്നെ സജ്ജയാക്കി.മറിയത്തിൻെറ പാട്ട് എന്ന് അറിയപ്പെടുന്ന പ്രാർത്ഥന അവൾക്ക് വി.ഗ്രന്ഥത്തിലെ സങ്കീർത്തനങ്ങളും മറ്റ് വചനങ്ങളും ചിരപരിചിതമായിരുന്നു എന്ന് കാണിക്കുന്നു.മറിയത്തിൻെറ സാമീപ്യം എലിശ്ബത്തിൽ പരിശുദ്ധാത്മാവ് നിറയുവാൻ കാരണമാകുന്നു എന്നത് തന്നെ മറിയത്തിലെ പരിശുദ്ധാത്മാവിൻെറ പൂർണ്ണത വ്യക്തമാക്കുന്നു വി.ഗ്രന്ഥത്തിൽ ഉൽപത്തി പുസ്തകത്തിലും പിന്നീട് പുതിയ നിയമ സുവിശേഷങ്ങളിലും വിവരിച്ചിട്ടുള്ള ഒരു സംഭവമാണ്,ഒരു സ്ത്രീയും മാലാഖയും തമ്മിൽ ഉള്ള

കൂടിക്കാഴ്ച്ച.ഏദെൻ തോട്ടത്തിൽ നാം കാണുന്നു ആദ്യ മാതാവായ ഹവ്വ,നിഗളത്താൽ നിപതിച്ച മാലാഖയായ സാത്താനുമായി സല്ലപിച്ച്, ,ദൈവ ഹിതം മാനിക്കാതെ സ്വന്തം ജടാഭിലാഷത്തിന് കീഴ്പെട്ട് അനുസരണക്കേട് എന്ന ആദ്യ പാപം ചെയ്യുന്നു.രണ്ടാം രംഗത്തിൽ ഗബ്രിയേൽ മാലാഖ ഒരു യെഹൂദ പെൺകുട്ടിയെ സമീപിക്കുന്നു.തങ്ങൾ തലമുറകളായി കാതിരിക്കുന്ന രക്ഷകൻ തന്നിൽ വന്നു പിറക്കുവാനുള്ള ദൈവ ഹിതം അറിയുമ്പോൾ മാനുഷീകമായ എല്ലാ ആകുലതകളും അവളെ അലട്ടിയെങ്കിലും ദൈവ കൃപ നിറഞ്ഞ മറിയാം സ്വയം താഴ്ത്തി **"ഇതാ ഞാൻ കർത്താവിൻെറ ദാസി,നിൻെറ ഹിതം എന്നിൽ ഭവിയ്ക്കട്ടെ "** എന്നു പറഞ്ഞ് ആ നിമിഷം മാനവ കുലത്തിൻെറ രക്ഷയ്ക്കു കളമൊരുങ്ങി.ഒന്നാം ഹവ്വാ മൂലം നഷ്ടമായ സകലമഹത്വവും മറിയാം എന്ന രണ്ടാം ഹവ്വായിലൂടെ തിരികെ ലഭിക്കുന്നു. മറിയത്തിൻെറ വിശുദ്ധിയെക്കുറിച്ച് ചിന്തിക്കുമ്പോൾ സുറിയാനി സഭയുടെ പഠനത്തിൽ അതി പ്രധാനമായ ഒരു സംഭവമാണ് വചനിപ്പ്.ദൈവഹിതത്തിന് സ്വയം വിനയപ്പെടുത്തിയ ആ നിമിഷത്തിൽ വചനമായ ദൈവത്തെ സ്വന്തം ശരീരത്തിൽ സംവഹിച്ച ആ മുഹൂർത്തത്തിൽ ഒരു സാധാരണ പെൺകുട്ടിയായിരുന്ന മറിയം അതിവിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു എന്നാണ് സഭയുടെ നിരീക്ഷണം.പരിശുദ്ധനായ ദൈവം ഇറങ്ങി വസിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മറിയം കളങ്കമറ്റവൾ,കറയില്ലാത്തവൾ ആയി തീർന്നു.

മറിയത്തെ കുറിച്ച് വി.ഗ്രന്ഥത്തിൽ പഴയ നിയമത്തിലനേകം ഇടങ്ങളിൽ പ്രവചിച്ചിരിക്കുന്നത് കാണാം.സ്ത്രീയുടെ സന്തതി സർപ്പത്തിൻെറ തല തകർക്കും(ഉൽപത്തി:3:15).കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും(യെശയ്യാവ് 7:14). (മിഖ 5:2)നീയോ ബെത്ലെഹെം എഫ്രേത്തെ,നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതെങ്കിലും യിസ്രായേലിൻ അധിപൻ നിന്നിൽ നിന്ന് ഉത്ഭവിച്ചു വരും.

പ്രതീകാത്മകമായി മറിയത്തെ വി.ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്ന ഭാഗങ്ങൾ സുറിയാനി സഭയുടെ പിതാക്കന്മാർ ശ്ഹീമോ നമസ്കാര പ്രാർത്ഥനകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശ്ര ദ്ധേയമാണ്.ബുധനാഴ്ച രാത്രി പ്രാർത്ഥനയിൽ നിന്ന്..

ദാവീദു പുത്രിയും നിത്യ കന്യകയുമായ മറിയമേ,യെഹെസ്കീയേൽ ദീർഘദർശി അടയ്ക്കപ്പെട്ട ഗോപുരമായും(യെഹ:44:1:3)ശലോമോൻ അടച്ചിരിക്കുന്ന തോട്ടമായും,മുദ്രയിടപ്പെട്ട കിണറായും (ഉത്തമഗീതം:4:12),നിന്നെ സാദ്യശ്യപ്പെടുത്തി.

ചൊവ്വാഴ്ച്ച പ്രഭാത പ്രാർത്ഥനയിൽ നിന്നും..പരിശുദ്ധ കന്യകേ,മോശ സീനായ് മലയിൽ ദർശിച്ച മൂൾപ്പടർപ്പ് നിൻെറ വിശുദ്ധ ശരീരത്തെയും അഗ്നിയിൽ എരിയാതെ നിന്ന അതിൻെറ കൊമ്പുകൾ നിൻെറ കന്യകത്വത്തേയും ദ്യഷ്ടാന്തീകരിച്ചു.ഹാലേലുയ്യ.അതിലെ തീയോ നിന്നിൽ ഇറങ്ങി വസിച്ച പുത്രനെ കാണിക്കുന്നു. അഹറോൻെറ തളിർത്ത വടി,മന്ന നിക്ഷേപിച്ച ചെപ്പ്,ഗിദയോൻെറ പുതപ്പ്,ദാവീദിൻെറ പട്ടണം,യാക്കോബ് ദർശിച്ച ഗോവണി,എന്നിവ മറിയത്തിൻെറ വിശുദ്ധിയുടെയും നിർമലകന്യകാത്വത്തിൻെറയും സൂചനകളായി സഭാ പിതാക്കനമാരായ സെരുഗിലെ മോർ യാക്കോബ്,മാബൂഗിലെ മോർ ഫീലക്സീനോസ് എന്നിവർ നമ്മെ പഠിപ്പിക്കുന്നു.മറ്റൊരു പ്ര ാർത്ഥന..മരുഭൂമിയിലെ തീക്കൽ പാറയിൽ നിന്ന് പുറപ്പെട്ട നീരുറവ നിന്നെ കാണിക്കുന്നു.നീതിയുടെ പാറയാകുന്ന കർത്താവ് നിൻെറ പുത്രനല്ലോ.ദാവീദ് രാജാവ് നിന്നെ കുറിച്ച് ഇപ്രകാരം പ്ര വചിച്ചു.മഹത്വവുംവിശുദ്ധിയും നിറഞ്ഞ രാജകുമാരി,രാജാവ് നിന്നിൽ പ്രീതനായി നിന്നിൽ ഇറങ്ങി. വസിച്ചുവല്ലോ.

എലിസബേത്ത് പരിശുദ്ധാത്മ നിറവിൽ പറഞ്ഞ വാക്കുകൾ മാതാവിൻെറ മഹത്വം വിളിച്ചോതുന്നു“എൻെറ കർത്താവിൻെറ അമ്മ എൻെറ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്ക് എങ്ങിനെ ഉണ്ടായി.”അതെ മാതാവിൻെറ ദർശനവും സമീപ്യവും എത്ര ഭാഗ്യകരം എന്ന് മനസ്സിലാക്കുക.രണ്ടാം സ്വർഗ്ഗം,സത്യ പ്രകാശത്തിൻെറ മാതാവ്,സ്വർണ്ണ ധൂപ കലശം എന്നിങ്ങനെ മാതാവിനെ വർണ്ണിക്കുവാൻ അനവദി സാദ്യശ്യങ്ങൾ പിതാക്കന്മാർ വിവരിക്കുന്നു

നാണയം അരുളിയ മത്സ്യം,മോറിയ മലയിലെ കുറ്റിച്ചെടിയായും മറിയത്തെ സൂചിപ്പിക്കുന്നതായി മോർ സേവേറിയോസ് പാത്രീയർക്കീസ്, മോർ ബാർ എബ്രായ തുടങ്ങിയ സുറിയാനി പിതാക്കന്മാർ വിശദീകരിക്കുന്നു.ദൈവത്തെ ഉദരത്തിൽ വഹിച്ചവൾ എന്ന നിലയിൽ ദൈവ മാതാവ് അഥവ “യെൽദൊത്ത് ആലൊഹൊ” എന്ന പദവി സഭാ പിതാക്കന്മാർ സസ്പഷ്ടം പ്രഖ്യാപിക്കുന്നു.

ദൈവമാതാവ് എന്ന നിലയിലും നിർമല കന്യക എന്ന നിലയിലും മറിയത്തിൻെറ വിശുദ്ധി അനിതര സാധാരണമാണ്.ദൈവ കൃപ നിറഞ്ഞ മറ്റൊരു മനുഷ്യ സ്ത്രീ ഉണ്ടായിട്ടില്ല.അതിനാൽ തന്നെ സകല തലമുറകളും അവളെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും.

**മറിയത്തെ കർത്താവ് ബഹുമാനിച്ചു.**

തൻെറ മനുഷ്യാവതാര കാലത്ത് ആദ്യാവസാനം തൻെറ സഹയാത്രികയായിരുന്ന മാതാവിനെ കർത്താവ് എപ്രകാരം കരുതുന്നു എന്ന് വേദ പുസ്തകം സ്പഷ്ടമാക്കുന്നു.പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ കാനാവിലെ കല്യാണ വിരുന്നിലെ ഇടപെടൽ മുതൽ കുരിശിൻ ചുവട്ടിലെ ആശ്വാസ വാക്കുകൾ വരെ കർത്താവ് തൻെറ മാതാവിന് നൽകിയ പ്രാധാന്യവും ബഹുമാനവും സുവ്യക്തമാക്കുന്നു. കർത്താവ് മാതാവിനെ സ്ത്രീയെ എന്ന് അഭിസംബോധന ചെയ്യുന്നതിനെ ചൊല്ലി ഒട്ടേറെ വാദകോലാഹലങ്ങൾ നിലനിൽക്കുന്നു.തൻെറ മാതാവ് എന്ന നിലയിൽ നിന്നും കർത്താവ് ലോകത്തിൻെറ മുഴുവനും ബഹുമാനം അർഹിക്കുന്ന സ്ത്രീയായ് മറിയത്തെ പരിചയപ്പെടുത്തുകയായിരുന്നു എന്ന് സംശയലേശമന്യേ വിശ്വസിക്കാവുന്നതാണ്. ഭൂമിയിൽ കർത്താവിന് ഏറ്റവും പ്രിയപ്പെട്ടവൾ എന്ന നിലയിലും ആദ്യത്തെ ക്രൈസ്തവ വിശ്വാസി എന്ന നിലയ്ക്കും പരിശുദ്ധ സഭയുടെ മാതാവ് എന്ന പദവിയിലും കന്യക മറിയം വിരാജിക്കുന്നു.

**അപ്പോസ്തോല ഗണം ബഹുമാനിച്ചു**

കുരിശിൻ ചുവട്ടിൽ തൻെറ അമ്മയെ പ്രിയ ശിഷ്യനായ യോഹന്നാനെ ഏൽപ്പിച്ച് കൊടുത്ത കർത്താവ് അമ്മയെ ലോകത്തിൻെറ മുഴുവൻ മാതാവും,മറിയത്തിന് നാം ഓരൊരുത്തരും മക്കളുമാക്കി ഭരമേൽപ്പിച്ചു.അപ്പോസ്തോല ഗണം മറിയത്തെ ബഹുമാനിക്കുകയും മറിയത്തൊട് മധ്യസ്ഥപ്രാർത്ഥന യാചിക്കുകയും ചെയ്തിരുന്നു എന്ന് സഭ പിതാക്കന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.ചിതറിപ്പോയ ശിഷ്യ ഗണത്തെ ഒരുമിപ്പിച്ച് പരിശുദ്ധ റൂഹായുടെ വരവിനായി സെഹിയോൻ മാളികയിൽ പ്രാർത്ഥനയിൽ കൂടിയിരിക്കുവാൻ മറിയം അവരെ സഹായിച്ചു.മറിയത്തിൻെറ ഇഹലോകവാസം അവസാനിക്കുമ്പോൾ അപ്പോസ്തോലർ എല്ലാവരും അതി ബഹുമാനപൂർവ്വം സമീപത്തണഞ്ഞു എന്ന് പാരമ്പര്യ വിശ്വാസം..

മറിയത്തിൻെറ വിശുദ്ധിയെ കുറിച്ച് പ്രതിപാദിക്കുമ്പോൾ അവളുടെ അന്ത്യം എങ്ങനെയായിരുന്നു എന്ന് കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.സുറിയാനി പാരമ്പര്യത്തിൽ മറിയം ഇഹലോകവാസം വെടിഞ്ഞശേഷം ശരീരം പുത്രൻ തമ്പുരാൻ സ്വർഗ്ഗത്തിലേക്ക് എടുത്തു എന്ന് വിശ്വസിക്കുന്നു.മറിയത്തിലെ പരിശുദ്ധി ദൈവ കൃപയുടെ പൂർണ്ണതയിലായതിനാൽ ദൈവേഷ്ടത്താൽ മറിയത്തിൻെറ ശരീരം സ്വർഗ്ഗത്തിലേക്ക് വഹിക്കപ്പെട്ടു എന്ന് നിലയിൽ സുറിയാനി പിതാക്കന്മാർ വാങ്ങിപ്പ് പെരുന്നാളിനെ ക്രമപ്പെടുത്തി.

പൂർണ്ണത്തിൽ മറിയത്തിൻെറ പരിശുദ്ധി ദൈവ കൃപയുടെ സമ്പൂർണ്ണതയിലാകുന്നു. **പിതാവായ ദൈവത്തിൻെറ ഹിതം അനുസരിച്ച ഇഷ്ട പുത്രി,പുത്രനായ ദൈവത്തെ ഉദരത്തിൽ വഹിച്ച മാതാവ്,പരിശുദ്ധ റൂഹായുടെ മണവാട്ടി** എന്നീ നിലകളിൽ ത്രീയേക ദൈവത്തിന് ഏറ്റവും സമീപസ്ഥയായി കന്യക മറിയം ഉയർത്തപ്പെട്ടു.ഒരു സാധാരണ മനുഷ്യ സ്ത്രീയുടെ ദൈവത്തിലുള്ള അചഞ്ജലമായ വിശ്വാസവും .ദൈവഹിതത്തിന് വിധേയത്വവും പരിപൂർണ സമർപ്പണവും വഴിയായി സ്വർഗ്ഗത്തിനും ഭൂമിക്കും രാജ്ഞിയായി ഉയർത്തപ്പെടുന്നു എന്നതാണ് കന്യക മറിയാമിൽ നാം ദർശിക്കുന്നത്.

**മറിയം സവിശേഷ സ്ത്രീ രത്നം**

സർവ്വ പ്രപഞ്ചത്തിൻെറയും അധിപനായ ദൈവം മനുഷ്യാവതാരത്തിനായി തിരഞ്ഞെടുത്തത് ഒരു സ്ത്രീയെയാണ് എന്ന വസ്തുത സൃഷ്ട പ്രപഞ്ചത്തിൽ സ്ത്രീത്വത്തിൻെറ പ്രാധാന്യം വി ളിച്ചോതുന്നു.മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ട ദൈവം ആദാമിൻെറ വാരിയെല്ലിൽ നിന്നും മെനഞ്ഞെടുത്ത ആധ്യ സ്ത്രീയായ ഹവ്വ മനുഷ്യകുലത്തിൻെറ വീഴ്ച്ചയ്ക്ക് കാരണഭൂതയായി.പറുദീസയിലെ മഹനീയാവസ്ഥയിൽ വിരാജിക്കുവാനയ് സൃഷ്ടിക്കപ്പെട്ട മനുഷ്യ ജാതി ഒരു സ്ത്രീ മൂലം ദൈവീക പദ്ധതി തച്ചുടച്ചു.കരുണാസമ്പൂർണ്ണനായ ദൈവം മനുഷ്യൻെറ വീണ്ടെടുപ്പിന് പദ്ധതിയിട്ടപ്പോൾ അതിന് അനുയോജ്യയായ സ്ത്രീയായി മറിയം എന്ന ബാലിക തിരഞ്ഞെടുക്കപ്പെട്ടു.ഒന്നാം ഹവ്വ ശപിക്കപ്പെട്ടവളും മൂഢയുമായി എങ്കിൽ രണ്ടാം ഹവ്വായകുന്ന മറിയം മൂലം സ്ത്രീത്വം സ്വർലോക രാജ്ഞി പദത്തിലേക്ക് ഉയർത്തപ്പെട്ടു.

*സ്ത്രീ-അമ്മ,മകൾ,സഹോദരി,ഭാര്യ* വിവിധ നിലകളിൽ മറിയത്തിൻെറ സ്ത്രീത്വത്തെ അപഗ്രഥിക്കുവാൻ ശ്രമിക്കാം.ഉത്തമയായ ഒരു മാതാവ് എപ്രകാരമായിരിക്കണം എന്ന് മറിയം കാണിച്ച് തരുന്നു.പൈതലായ യേശുവിനെ നല്ല ശിക്ഷണത്തിൽ ദൈവ-മനുഷ്യ പ്രീതിയിൽ വളർത്തിയെടുത്ത അമ്മ യേശുവിൻെറ ജീവിതത്തിലുടനീളം ഒരു നിഴൽ പോലെ അനുഗമിക്കുന്നു.സ്വാധീനിക്കുന്നു.തൻെറ മകനെ കുറിച്ചുള്ള കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിക്കുന്ന അമ്മ,പുത്രൻെറ പീഢാസഹനത്തിൽ വ്യാകുലതയുടെ വാൾ ഹൃദയ്ത്തിലൂടെ കടക്കപ്പെടുന്ന സമയത്തും നിശബ്ദം അവനെ അനുഗമിച്ച് വാത്സല്യത്തോടെ അവനെ ആശ്വസിപ്പിക്കുന്ന അമ്മ,പുത്രൻെറ ഹിതാനുസരണം അപ്പോസ്തോല ഗണത്തിൻെറയും ലോകം മുഴുവൻെറയും അമ്മയായി മറിയം മാറി.

**അനുസരണമുള്ള മകൾ:**

സീയോൻ പുത്രി എന്നാണ് പഴയ നിയമത്തിൽ മറിയത്തെ അഭിസംബോധന ചെയ്യുന്നത്.ദാവീദിൻെറ ഗോത്രത്തിൽ പിറന്നതിനാൽ ദാവിദ് പുത്രി എന്നും വിളിക്കുന്നു.ബാല്യത്തിലേ മാതപിതാക്കൾ നഷ്ടമായ മറിയം പേരിനെ അന്വർത്ഥമാക്കും(മോർ യം= കയ്പ്പ് കടൽ) വിധം കയ്പ്പേറിയ ജീവിത അനുഭവങ്ങൾ നേരിടുവാൻ പരിശീലിപ്പിക്കപ്പെടുന്നു.വെള്ളിയാഴ്ച്ച ശീഹ്മോ നമസ്കാരത്തിലെ പ്ര ാർത്ഥനയിൽ നിന്നും.. "മറിയം തൻെറ മാതപിതാക്കൾ നഷ്ടപ്പെട്ട് അനാഥയായപ്പോൾ മോശയുടെ ന്യായപ്രമാണം അനുസരിച്ച് യെരുശലെം ദേവാലയത്തിൽ പുരോഹിതരുടെ സം രക്ഷണയിൽ ആയി.അത്യുന്നതൻ അവളിൽ ആവസിച്ചു.അവളുടെ പ്രാർത്ഥന നമുക്കു കോട്ട"

അനുസരണയും താഴ്മയും വിനയവുമുള്ള ഒരു മകളായിട്ടാണ് മറിയം വളർന്ന് വന്നത് എന്ന് ചരിത്രം കാണിച്ച് തരുന്നു.

**സ്നേഹവതിയായ സഹോദരി:** തൻെറ ബന്ധുമിത്രാദികളെ അകമഴിഞ്ഞ് സ്നേഹിക്കുകയും കരുതുകയും അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരെ സഹായിക്കുകയും ചെയ്യുന്ന ഒരു മറിയത്തെയാണ് ബൈബിളിൽ കാണുന്നത്.വാർധക്യത്തിൽ ഗർഭിണിയായ തൻെറ ചാർച്ചക്കരി എലിശുബായെ തനെറ്റ് ശാരീരികആവസ്ഥ വകവയ്ക്കതെ ഏറെ ദൂരം യാത്ര ചെയ്യെത്തി ശുശ്രൂഷ ചെയ്യുന്നു.കാനാവിലെ കല്യാണ വിരുന്നിൽ അവിടുത്തെ കുറവ് കണ്ടറിഞ്ഞ് സഹായിക്കുന്നു.മറിയത്തിലെ സഹജീവികളൊടുള്ള ദയാനുകമ്പ ഇതിൽനിന്നെല്ലാം വ്യക്തം.

**ഉത്തമയായ ഭാര്യ**:യെഹൂദ പാരമ്പര്യത്തിൽ വിവാഹ ഉടമ്പടിക്ക് ശേഷം താൻ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ വിവരം മറച്ച് വയ്ക്കാതെ നീതിമാനായ യൗസേഫിനോട് വിശ്വസ്തത കാണിക്കുന്ന മറിയം ഒരു ഉത്തമ ഭാര്യയുടെ സ്വഭാവഗുണം കാണിച്ച് തരുന്നു.ആശാരി പണി ചെയ്തിരുന്ന യൗസേഫ് തീർത്തും ദരിദ്ര കുടുംബത്തിലെ ആയിരുന്നു.മറിയം യാതൊരു പരാതിയോ പരിഭവമോ കൂടാതെ ആ ജീവിതാവസ്ഥയിൽ യൗസേഫിനോട് ചേർന്ന് നിൽക്കുന്നു.നല്ല ഒരു കുടുംബിനിയുടെ മാതൃക മറിയത്തിൽ കാണാം.

**മറിയത്തിൻെറ വിശ്വാസം,വിനയം,ധൈര്യം,സമചിത്തത** എന്നീ ഗുണങ്ങൾ അവളുടെ സ്ത്രീത്വത്തിന് മാറ്റ് കൂട്ടുന്നു.തീർത്തും അസംഭവ്യമെന്ന് മനുഷ്യബുദ്ധിക്ക് തോന്നുന്ന ഒരു ഗർഭധാരണത്തെ കുറിച്ച് ഗബ്രിയേൽ മാലാഖ പറയുമ്പോൾ ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ല എന്ന് മറിയം തൻെറ വിശ്വാസം, വിശ്വാസികളുടെ പിതാവായ അബ്രാഹാമിലെ അതേ വിശ്വാസം,ഹൃദയത്തിൽ ഏറ്റ് പറയുന്നു. ദൈവ തിരുസന്നിധിയിൽ,ഇതാ ഞാൻ കർത്തവിൻെറ ദാസി,എന്ന് പറഞ്ഞ വിനയത്തിൻെറ മാതൃകയാണ് മറിയം.തൻെറ ഗർഭധാരണം മൂലം സമുഹത്തിൽ നിന്ന് ഏൽക്കേണ്ടി വരുന്ന സകല പീഢനങ്ങളേയും കുറിച്ച് ഓർത്ത് വേവലാതിയോ ആകുലതയോ മറിയത്തിന് ഇല്ലായിരുന്നു.ജീവിതത്തിലുടനീളം കയ്പ്പ് നിറഞ്ഞ അനുഭവങ്ങൾ നേരിട്ടപ്പോൾ,ഈജിപ്തിൾലേയ്ക്കുള്ള പലായനത്തിനോ,പുത്രൻെറ പീഢാമരണത്തിനോ മറിയത്തിൻെറ മനസ്സിനേ അലട്ടുവാൻ സാധിച്ചില്ല.സകല കാര്യങ്ങളേയും മൻസ്സിൽ സംഗ്രഹിച്ച് സമചിത്തതയോടെ ദൈവഹിതത്തിന് വഴങ്ങി ജീവിക്കുവാൻ മറിയത്തിന് കഴിഞ്ഞു.

പഴയ നിയമത്തിലെ പ്രമുഖ സ്ത്രീ കഥാപാത്രങ്ങൾ എല്ലാം തന്നെ മറിയത്തിൻെറ പ്രതിബിംബങ്ങൾ ആയിരുന്നു.ബഹുജാതികൾക്ക് മാതാവായ സാറായും,യിസ്രായേൽ ജനത്തിന് വേണ്ടി മാധ്യസ്ഥം വഹിച്ച എസ്തേറും ഉത്തമ കുടുംബിനിയായ രൂത്തും, ജൂടിത്തുമെല്ലാം മറിയത്തിൻെറ സ്ത്രീത്വത്തിൽ പൂർത്തീകരിക്കുന്നു. പഴയനിയമത്തേയും പുതിയനിയമത്തേയും ഒന്നിപ്പിക്കുന്ന പാലമായി മറിയത്തെ വിശേഷിപ്പിക്കാം.

ഒരു സാധാരണ മനുഷ്യ സ്ത്രീയുടെ ജീവിതാനുഭവങ്ങളിൽ മറിയത്തിൻെറ സ്ത്രീത്വത്തിലെ സവിശേഷ മേന്മകൾ മാതൃകയാക്കുവാൻ സാധിച്ചാൽ ഓരൊ സ്ത്രീ ജന്മവും ഒരു പുണ്യജന്മം ആകും എന്ന് നിസ്സംശയം പറയാം.അതിനായി നിത്യ കന്യകയും ഭാഗ്യവതിയുമായ പരിശുദ്ധ ദൈവ മാതാവിൻെറ മഹാ മാധ്യസ്ഥ്യം അപേക്ഷിച്ച് കൊണ്ട് ഉപസംഹരിക്കട്ടെ.




**ALL IRELAND PATRIACHAL VICARIATE SAMAJAM DAY**

**(Soosy Jacob)**

All Ireland vanitha samajam day was held on the 10th of May 2015 in St. Gregorious Syrian Orthodox church ,Dublin ,after the Holy mass. Fr. Biju Parekkattil, Fr.Thomas Puthyamadathil, Fr.Jobymon skaria were present in the meeting. Sr.Devotia was the main speaker and everyone availed a lot from her talk. I take this opportunity to thank all the members who have attended, especially those who came from Galway and Tallaght . My hearty congratulations to those who won the prizes for essay competition. Winners are : 1st prize –Bindhu Sam ,Dublin.2nd price- Shibi Jinesh,Dublin.3rd prize- Jessy Varghese ,Galway. I am grateful to each and everyone who had worked behind the success of the day.




## Family Fun Day

On May 9th Saturday, Youth association and Vanitha Samajam of our church conducted Family Fun day in Ratbegan Lakes. It was a great day with lots of fun and laughter. People of all ages enjoyed their maximum in the fine weather.

The location was amazing. There was Something for everyone to enjoy at Rethbeggan Lakes.

#####################################

# ഡബ്ലിൻ സെന്റ് ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി പള്ളിയിൽ മെയ് മാസം 23 ശനിയാഴ്ച്ച കുടുംബ നവീകരണ പഠന ക്ലാസ്സ് നടത്തപ്പെട്ടു.

നമ്മുടെ പള്ളിയിലെ യൂത്ത് അസ്സോസ്സിയേഷന്റേയും വനിത സമാജത്തിന്റേയും ആഭിമുഖ്യത്തിൽ മെയ് മാസം 23 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ

കുടുംബ നവീകരണ പഠന ക്ലാസ്സ് സംഘടിപ്പിച്ചു . പ്രശസ്ത കൗൺസിലറും ധ്യാന ഗുരുവുമായ റവ. സാജു പോട്ടയിൽ അച്ചൻ ക്ലാസ്സിന് നേതൃത്വം നൽകി. കുട്ടികൾക്കുവേണ്ടി പ്രത്യേകം ക്ലാസ്സുകൾ നടത്തപ്പെട്ടു.

സഹോദര സഭകളിലേയും സഹോദര ഇടവകളിലേയും വിശ്വാസികൾ പഠന ക്ലാസ്സിൽ പങ്കെടുത്തു.







## Prayer meeting arrangements in: May

We conducted four prayer meetings in members' houses in may.

***08-May-2015-Friday:***

Jiju Paulose

21 Killiney Towers, Killiney Road, Co. Dublin.

***22-May-2015-Friday:***

Joshy Kuriakose.
8, Lanesborough Road,
Finglas.

***26-May-2015-Friday:***

Mr Jojan P Elias
45, Brooklands, Nutley Lane, Dublin 4

***29-May-2015-Friday:***

Mr Binu Varghese

114, St James's Wood, South Circular Road, Dublin 8

########################

## Birthdays Celebrated in May

GINI GEORGE
ABIN SAJU
SHIJI T Y
SARA BINU ANTHINATTU
TESA FINCY
ALEN BIJU
ANIL GEORGE
SHYMOL BENOY
MATHEW JOY PAULOSE
RAJU KURIAKOSE
SUMA MATHAI
SHEEJA CHACKO
NIRMAL YESUDAS
DELMON POULOSE
JILU MEERA JAIN
JINU MATHEW CHELAPPUZHAYIL
SOFY NIRMAL
SARA PAUL
GEO JOSE
SAIJU P ALEX
NIEVE SARA SHIJI
NIYA ABY
IBY CHACKO
BIJU P CHACKO
STEVEN SHAJI
SHINCY ALFUS
ELDHO VARGHESE
GIBU JOSEPH
ALESHIA ABY
JOEL ALFUS
ATHUL BIJU
HONEY SHAJI
THOMASKUTTY MK
TINU EDAPPATTU PATHROSE

SUBHA MERRY KOSHY
BEENA SAIJU
SUNNY CHERIAN
THOMAS MANI
MANJU BIJU
BOS VARGHESE
MINI DAVID
JILJI THOMAS
BEENA SAJU
DINEESH P VARGHESE
JOBY ANDREWS
RANJU MATHEW
EVAN AJESH
ALWIN BIJU
PAUL C MATHEW
AMITHA PAUL
VARGHESE V P
JAYAN PHILIP
JINCY THOMAS
RIJI JACOB
JOHANN REJI
CHIKKU PAUL
SARAH PRASAD
JERRY JAYAN
SABU K ALIAS
AARON ALEX
ANCY JOHN
MARY THOMAS
MANJU BIBIN
BIBIN KURIAKOSE
DAVID THANKACHEN
GIGI P THOMAS
JESSY GEORGE
SAJU VARGHESE

JACOB T I
PRASAD K ISAAC
LISSY
VINOD VARGHESE
ABRAHAM P KURUVILLA
SUNI BENNY
BLOSSOM ELDHO
FR THOMAS PUTHIYAMADATHIL
JINCY GEO
ABY GIGI
ELDHO T. SAJU
SHAJI CHACKO
SINI GEORGE
ANGELINA MARIAM JIBY
AJU K ABRAHAM
DANY K KURIAN
THOMAS VARGHESE
ANNETTE BOS KOCHERIL
JOMSY GEORGE
BOBBY KURIAKOSE
SOJU P MARKOSE
BIJU VARGHESE
ABY SKARIA
ANNAMMA SCARIA
ALIYAMMA KURIAKOSE
JINI JACOB
ELDO PAUL
LISSY PAUL
THANKAMMA MATHEW
ANOOJA P
SUNIL KURIAN
BIBY ANDREWS
GIGI MATHEW
REGI JOHN C U

## Anniversaries Celebrated in May

ANEESH JOHN

REJI CHANDY

SUNIL KURIAN

JOJAN P ELIAS

BIBIN GEORGE

ELDHO VARGHESE

GIJU PAULOSE

AJU K ABRAHAM

REGI JOHN C U

REJEESH PAUL

RAJU KURIAKOSE

BOS VARGHESE

SHAJI CHACKO

BIJU VARGHESE

JAYAN PHILIP

SAJU JACOB

F VARGHESE

GIGI MATHEW

SAJI M JOSEPH

BOBBY IYPE

**Please send your comments to gregorianvoice@gmail.com**



**Kids Coloring page**



















**Some pictures from the Family outing**



1st time buyer Mortgages
You want to be sure you make the right decision?
So do we!
Let's talk...
Professional advice on all types of
Mortgage
Insurance
& Pension.
Contact
Saiju Thomas QFA
Mob: 0871467602
Charterhouse Private Clients Ltd t/a Clevermoney is Authorised and Regulated by the Central Bank of Ireland